## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1457 — 07.06.2018 -ൽ മറുപടിക്ക്

### ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം

**ചോദ്യം**

ശ്രീ. എൻ .എ.നെല്ലിക്കുന്ന് :

**ഉത്തരം**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

(എ) കേരളത്തിൽ എത്ര ഗ്രൂപ്പ് (എ) വില്ലേജുകൾ ഉണ്ടെന്ന് നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

| ജില്ല | നിയോജക മണ്ഡലം | ഗ്രൂപ്പ് വില്ലേജുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | ആറ്റിങ്ങൽ | 1 |
| | ചിറയിൻകീഴ് | 2 |
| എറണാകുളം | ആലുവ | 2 |
| | പിറവം | 3 |
| | തൃപ്പൂണിത്തുറ | 1 |
| തൃശ്ശൂർ | ചേലക്കര | 12 |
| | കുന്നംകുളം | 9 |
| | ഗുരുവായൂർ | 5 |
| | മണലൂർ | 7 |
| | വടക്കാഞ്ചേരി | 10 |
| | ഒല്ലൂർ | 1 |
| | തൃശ്ശൂർ | 2 |
| | നാട്ടിക | 4 |
| | കൈപ്പമംഗലം | 2 |
| | പുതുക്കാട് | 2 |
| | ചാലക്കുടി | 4 |
| | കൊടുങ്ങല്ലൂർ | 3 |
| കാസർഗോഡ് | കാസർഗോഡ് | 8 |
| | കാഞ്ഞങ്ങാട് | 1 |
| | തൃക്കരിപ്പൂർ | 2 |
| | ഉദുമ | 3 |
| | മഞ്ചേശ്വരം | 15 |

(ബി) ഓരോ ഗ്രൂപ്പ് വില്ലേജിലും എത്ര വില്ലേജുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി)

| ജില്ല | ഗ്രൂപ്പ് വില്ലേജുകളുടെ എണ്ണം | ഉൾപ്പെട്ടിരിക്കുന്ന വില്ലേജുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 3 | 2 വീതം |
| എറണാകുളം | 5 | 2 വീതം |
| | 1 | 3 വീതം |
| തൃശ്ശൂർ | 49 | 2 വീതം |
| | 12 | 3 വീതം |
| കാസർഗോഡ് | 1 | 5 വീതം |
| | 4 | 4 വീതം |
| | 5 | 3 വീതം |
| | 19 | 2 വീതം |

(സി) ഗ്രൂപ്പ് വില്ലേജുകൾ എന്നു മുതലാണ് പ്രവർത്തിക്കാൻ തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(സി) വില്ലേജുകൾ രൂപീകരിച്ചതു മുതൽ ഗ്രൂപ്പ് വില്ലേജുകളും നിലവിലുള്ളതാണ്

(ഡി) ഒരേ മുറിയിൽ ഒന്നിൽ കൂടുതൽ വില്ലേജുകൾ പ്രവർത്തിക്കുമ്പോൾ ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കുമുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ട്

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ചിട്ടുണ്ടെന്നും അതിനു ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ഇ) ഇളമ്പ-മുദാക്കൽ ഗ്രൂപ്പ് വില്ലേജിനെ വിഭജിച്ച് 'ഇളമ്പ' എന്ന പുതിയ വില്ലേജ് രൂപീകരിച്ചിട്ടുണ്ട്, അത്യാവശ്യം വേണ്ടുന്ന ജീവനക്കാരെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഇളമ്പ വില്ലേജാഫീസിന്റെ കെട്ടിട നിർമ്മാണത്തിന് 8,62,951/- രൂപ ചെലവഴിച്ചിട്ടുണ്ട്

(എഫ്) ഇനി വിഭജിക്കാനുദ്ദേശിക്കുന്ന ഗ്രൂപ്പ് വില്ലേജുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

(എഫ്) സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്ന സമയത്ത് പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ